# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **194** **28.06.2016**-ൽ മറുപടിക്ക്

**ട്രോമാകെയർ**

**ചോദ്യം** | **മറുപടി**

**ശ്രീ. ബി. സത്യൻ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനമൊരുക്കുന്നതിനുവേണ്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നം.4065/2013/ആ.കു.വ തീയതി, 6/12/2013 പ്രകാരം ആറ്റിങ്ങൾ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ ശക്തിപ്പെടുത്തുന്നതിന് 2013 14 ൽ 35.51 ലക്ഷത്തിന്റെ ഭരണാനുമതി നൽകുകയും അനുബന്ധ ഉപകരണങ്ങൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി എന്ത് തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും നിർമ്മാണചുമതല നൽകിയിരിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണ പ്രവർത്തനം തുടങ്ങുവാനുള്ള കാലതാമസത്തിൻെറ കാരണവും വിശദമാക്കാമോ; | (ബി) | റോഡ് സുരക്ഷാപദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ കെട്ടിടസൗകര്യങ്ങളും ഉപകരണങ്ങൾ, ആംബുലൻസ് ഉൾപ്പെടെ സജ്ജീകരിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിന് കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കെട്ടിട നിർമ്മാണത്തിനുള്ള തുക ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ സാധിക്കയില്ലെന്നും ആയതിനാൽ ഉപകരണ ങ്ങൾക്ക് മാത്രമായുള്ള നിർദ്ദേശം പുതുക്കി നൽകുവാൻ കെ.എസ്.ആർ.എ അറിയി ച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശ പ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിയ്ക്കാനായി ആറ്റിങ്ങൾ താലൂക്ക് ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെട്ടി ട്ടുണ്ട്. |
| (സി) | ട്രോമാകെയർ സംവിധാനം നിലവിൽ വരുമ്പോൾ വലിയകുന്ന് ആശുപത്രിയിൽ നിന്നും അധികമായി എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാകുമെന്ന് വിശദമാക്കാമോ? | (സി) | അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം നല്ലരീതിയിൽ നൽകുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങളും മറ്റും ലഭ്യമാക്കുക എന്നതാണ് വിഭാവനം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**